I/519977/2023

"ഭരണഭാഷ – മാതൃഭാഷ"

ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പ്

ഡയറക്ടറേറ്റ് ഓഫ്
ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ്,
തിരുവനന്തപുരം-14

നമ്പർ:MRC1/4013/2023/DIMS

തീയതി: 17-10-2023

## സർക്കുലർ

വിഷയം:- **ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പ്**: MRC ബില്ലുകൾ പ്രോസസ്സ് ചെയ്യുന്നത് സംബന്ധിച്ച്

സൂചന:- ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പിന്റെ പ്രവർത്തനങ്ങൾ അവലോകനം ചെയ്യുന്നതിനായി ഡയറക്ടറുടെ അധ്യക്ഷതയിൽ 21/06/2023 ന് ചേർന്ന ദ്വൈമാസ യോഗ തീരുമാനം

മെഡിക്കൽ റീ ഇംബേഴ്സ്മെന്റ് ക്ലെയിമുകൾ പ്രോസസ്സ് ചെയ്യുമ്പോൾ പാലിക്കേണ്ട നടപടിക്രമം, ഉൾപ്പെടുത്തേണ്ട രേഖകൾ എന്നിവ സംബന്ധിച്ച് 21/06/2023ലെ യോഗ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ താഴെ പറയുന്ന നിർദ്ദേശങ്ങൾ നൽകുന്നു. ആയത് കർശനമായി പാലിക്കേണ്ടതാണ്.

1) ഡിസ്പെൻസറികളിൽ ക്ലെയിമുകൾ പാസ്സാക്കി ഡയറക്ടറേറ്റിലേക്ക് അയക്കുന്ന നടപടികൾ താഴെ പറയുന്ന സർക്കുലറുകൾ അടിസ്ഥാനപ്പെടുത്തിയാകണം.

(a) സർക്കുലർ നം MRC1/1628/2018/DIMS തീയതി 8/10/2018

(b) സർക്കുലർ നം MRC1/20485/2020/DIMS തീയതി 25/3/2021

(c) സർക്കുലർ നം MRC1/22649/2019/DIMS തീയതി 13/01/2023

2) ഐപികൾക്ക് റീ ഇംബേഴ്സ്മെന്റ് തുക അനുവദിക്കുന്നത് സർക്കാർ അംഗീകൃത CGHS നിരക്ക് പ്രകാരമാണ് എന്നുള്ളത് വ്യക്തമായി മനസ്സിലാകത്തക്കവണ്ണം നോട്ടീസ് ബോർഡുകളിൽ പ്രദർശിപ്പിക്കേണ്ടതാണ്

3) MRC അപേക്ഷ ലഭിക്കുമ്പോൾ തന്നെ സർക്കാർ നിശ്ചയിച്ചിരിക്കുന്ന CGHS നിരക്കിൽ തുക ലഭിക്കുന്നതിന് സമ്മതമാണ് എന്നുള്ള സമ്മതപത്രവും നിർബന്ധമായും ഐ പി യിൽ നിന്ന് വാങ്ങേണ്ടതാണ്.

4) നിലവിൽ CGHS കേരള റേറ്റും ഡൽഹി റേറ്റും ആണുള്ളത് . കേരള റീജിയന്റെ റേറ്റിലാണ് തുക അനുവദിക്കേണ്ടത്.

5) CGHS കോഡനുസരിച്ച് തുക അനുവദിക്കുമ്പോൾ PROCEDURE-കൾ FIRST,SECOND എന്നതിന് പകരം MAJOR, MINOR PROCEDURE എന്ന രീതിയിൽ രേഖപ്പെടുത്തി അതിനു അനുവദിച്ചിരിക്കുന്ന നിരക്കിൽ തുക പാസ്സാക്കാവുന്നതാണ്

6) ഐ.പി സമർപ്പിക്കുന്ന മെഡിക്കൽ റീ ഇംബേഴ്സ്മെന്റ് ക്ലെയിമിനോടൊപ്പം ഇ.എസ്.ഐ ആശുപത്രിയിൽ നിന്നുള്ള ഒ.പി ടിക്കറ്റ് നിർബന്ധമായും ഉൾപ്പെടുത്തേണ്ടതാണ്.ഡോക്ടർ പ്രിസ്ക്രിപ്ഷൻ ഒ.പി ടിക്കറ്റിൽ തന്നെ എഴുതേണ്ടതാണ്.

7) RULE 60/61 പ്രകാരമുള്ള ഇ.എസ്.ഐ ഗുണഭോക്താക്കളുടെ വിവരങ്ങൾ രേഖപ്പെടുത്തുന്നതിനായി പ്രത്യേകം രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ് .

8) ഐ.പി അല്ലെങ്കിൽ ഫാമിലി കണ്ണട വാങ്ങിയത് സംബന്ധിച്ച വിവരങ്ങൾ രേഖപ്പെടുത്തുന്നതിനായി പ്രത്യേകം രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ് . ചട്ടപ്രകാരമുള്ള സത്യവാങ്മൂലം അപേക്ഷയോടൊപ്പം വാങ്ങേണ്ടതും കണ്ണട വാങ്ങിയത് സംബന്ധിച്ച വിവരങ്ങൾ ഐ പി യുടെ ബുക്കിൽ രേഖപ്പെടുത്തേണ്ടതുമാണ്

9)ഐ.പികൾക്ക് വാങ്ങി നൽകുന്ന ഉപകരണങ്ങൾ സംബന്ധിച്ച വിവരങ്ങൾ (HEARINGAID, OXYGEN CONCENTRATOR, CPAP, BIPAP etc) രേഖപ്പെടുത്തുന്നതിനായി പ്രത്യേകം രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ് . ടി വിവരങ്ങൾ ഐ പി യുടെ ബുക്കിൽ രേഖപ്പെടുത്തേണ്ടതാണ് ,ആയതു പരിശോധനയ്ക്ക് വിധേയമാക്കുന്നതുമാണ്.

Signed by
Malini S
Date: 17-10-2023 10:10:54

**ഡോ എസ് മാലിനി**
**ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പ് ഡയറക്ടർ**

**പകർപ്പ്**

**1 .എല്ലാ റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർമാർക്കും (RDD -യുടെ കീഴിലുള്ള എല്ലാ ഡിസ്പെൻസറികളിലും ആശുപത്രികളിലും ഈ സർക്കുലർ കർശനമായി പാലിക്കുന്നുണ്ട് എന്ന് ഉറപ്പ് വരുത്തേണ്ടതാണ് )**

**2 . എല്ലാ ഡിസ്പെൻസറികളിലേക്കും**

**3 .എല്ലാ ആശുപത്രി സൂപ്രണ്ടുമാർക്കും**

**4 . ഐ.ടി ഡിവിഷൻ**

**5 .ഫയൽ / സ്റ്റോക്ക് ഫയൽ**